# Desabhimani
# 31 August 2018
# Kochi, CM’s Flood Relief Fund



## ജില്ലയിൽ സിപിഐ എമ്മിന് ലഭിച്ചത് 16.52 ലക്ഷം

**കൊച്ചി**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സിപിഐ എമ്മിന്റെ നേതൃത്വത്തിൽ നടന്ന ഫണ്ട് ശേഖരണത്തിൽ നിന്ന് ദുരന്ത ബാധിതമേഖല എന്ന നിലയ്ക്ക് ഒഴിവാക്കിയിട്ടും ജില്ലയിൽ ജനം നൽകിയത് 16,52,306 രൂപ. സിപിഐ എം സംസ്ഥാന കമ്മിറ്റിയുടെ ആഹ്വാനം പത്രങ്ങളിൽ കണ്ട് ചില ഘടകങ്ങൾ സ്വമേധയാ നടത്തിയ സംഭരണത്തിലാണ് ഈ തുക ലഭിച്ചത്.

തൃപ്പൂണിത്തുറ ഏരിയ കമ്മിറ്റി 7,08061 രൂപയും, മുളന്തുരുത്തി ഏരിയ കമ്മിറ്റി 4,00000 രൂപയും, പള്ളുരുത്തി ഏരിയ കമ്മിറ്റി 3,15,000 രൂപയും, കൊച്ചി ഏരിയ കമ്മിറ്റി 2,29,245 രൂപയുമാണ് ശേഖരിച്ചത്. ലഭിച്ച 16,52,306 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അടച്ചതായി ജില്ലാ സെക്രട്ടറി സി എൻ മോഹനൻ അറിയിച്ചു.